# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025 - 26

## ജാതിയേരി MLP സ്കൂൾ

# ആമുഖം

ചെക്ക്യാട് ഗ്രാമപഞ്ചായത്തിലെ തെക്കെ അറ്റത്ത്, മയ്യഴിപ്പുഴയുടെ ഭാഗമായ വിഷ്ണുമംഗലം പുഴയുടെ സമീപത്ത് സ്ഥിതിചെയ്യുന്ന സ്ഥാപനമാണ് ജാതിയേരി എം. എൽ. പി സ്കൂൾ. 1952ൽ വളയം സ്വദേശി വിളക്കോട്ടുവാര്യയിൽ കുഞ്ഞിക്കൃഷ്ണൻ നമ്പ്യാർ 64 വിദ്യാർത്ഥികളും 2 അധ്യാപകരുമായി തുടങ്ങിയതാണ് വിദ്യാലയം. പിന്നീട് 1958-ൽ പാനൂർ പൂക്കോം സ്വദേശി എം. സി ലക്ഷ്മിക്കുട്ടി അമ്മ സ്ഥാപനം ഏറ്റെടുത്തു. ഇരുപത് വർഷത്തിന ശേഷം 1979 ൽ ജാതിയേരി പ്രദേശത്തെ വിദ്യാഭ്യാസ സാമൂഹ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന ഇർഷാദുൽ മുസ്ലിമീൻ സംഘം വിദ്യാലയം ഏറ്റെടുത്തു. വിദ്യാലയത്തിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സംഘത്തിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. നിലവിൽ മുന്നേക്കറോളം സ്ഥലം വിദ്യാലയത്തിന് സ്വന്തമായുണ്ട്. കൂടാതെ തലയെടുപ്പോടെ ഉയർന്നു നിൽക്കുന്ന മൂന്ന് നില കെട്ടിടത്തിലാണ് വിദ്യാലയം ഇന്ന് പ്രവർത്തിക്കുന്നത്.

വിദ്യാലയത്തോട് ചേർന്ന് വിശാലമായ കളിസ്ഥലവും, കുട്ടികൾക്ക് കളിക്കാനായി ചിൽഡ്രൻസ്

പാർക്കും ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടെ ഒരുക്കിയ സ്മാർട്ട് ക്ലാസ് മുറികളും ലാബുകളും എടുത്തു പറയേണ്ട കാര്യമാണ്. വിദ്യാലയത്തിന്റെ പുരോഗതിക്കായി പൂർവ്വ വിദ്യാർ-ത്ഥികളും, മാനേജ്മെന്റും, പിടിഎ കമ്മിറ്റിയും നിരവധി പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

പാഠ്യപാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്തുന്ന വിദ്യാലയത്തിന് ഇതിനകം പഞ്ചായത്ത് ഉപജില്ലാ തലങ്ങളിൽ നിരവധി പുരസ്കാരങ്ങളും, 8 LSS ഉം ലഭിച്ചിട്ടുണ്ട്. നിലവിൽ ഒന്നുമുതൽ 5 വരെ ക്ലാസ്സുകളിലായി 12 സ്ഥിരാധ്യാപകരും 3 ദിവസവേതന അധ്യാപകരും 260 വിദ്യാർത്ഥികളും ഉണ്ട്. കൂടാതെ മാനേജ്മെന്റ് കമ്മിറ്റിയുടെ സഹായത്തോടെ പ്രീപ്രൈമറി ക്ലാസ്സുകളും നടന്നു വരുന്നു.

# ഞങ്ങളുടെ അധ്യാപകർ

റഹീം. എ - HM

അബ്ദുൽ കരീം ടി.കെ - LPST

താഹിറ സി.വി - LPST

സഫീന സി.എം - LPST

അമിത്. പി - LPST

ജാസ്മിന എം - LPST

സുനിത എം.പി - LPST

ഷിഗിനത്ത് - LPST

ജസീറ. എ. - LPST

മുഹമ്മദ് മുഖ്താർ - LPST

ഇഖ്ബാൽ ഇഷ്കാൽ
ഹഫ്സത്ത്
} അറബിക്

ഹിസ്ന.
അഞ്ജലി. പി.
മുഹമ്മദ് അസിൽ
} Daily wage

## പൊതുലക്ഷ്യങ്ങൾ:-

* സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികളും അതാതു ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പുവരുത്തുക.
* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം മുഴുവൻ കുട്ടികളിലും എത്തിക്കുക.
* മലയാളം, ഇംഗ്ലീഷ്, അറബിക് ഭാഷ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
* വിവരസാങ്കേതിക വിദ്യ കൂടുതൽ പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ മെച്ചപ്പെടുത്തുകയും, അനുഭവമികച്ച പഠനനേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.
* വായന - ഒരു കുട്ടിയെ എങ്ങനെ ഒരു നല്ല വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കും എന്നതിനെ മുൻനിർത്തി ക്ലാസ് ലൈബ്രറികൾ സജീവമാക്കുക.
* ജൈവ പച്ചക്കറി കൃഷി നടത്തി ഉച്ചഭക്ഷണത്തിനു വിഷരഹിത പച്ചക്കറി ലഭ്യമാക്കുക.
* മാലിന്യമുക്ത ഹരിത വിദ്യാലയം, ഹരിത പെരുമാറ്റം, പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.
* വിവിധ വിഷയങ്ങളിൽ ബോധവത്കരണം.

# മലയാളം

പ്രവർത്തനം : 1
വായനയുടെ പൂക്കാലം.
ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാ-ഭിരുചി വളർത്തുക. | മുഴുവൻ ക്ലാസ്സുകളിലും ക്ലാസ്‌ലൈബ്രറി വിപുലീകരിച്ച് ആഴ്ചയിൽ ഒരുപുസ്തകം വായിക്കുക. വായിച്ചപുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയാറാക്കി പതിപ്പാക്കി മാറ്റുക. | ആഴ്ചയിൽ ഒരുദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2.
പിറന്നാൾ പുസ്തകം.
ഉപമേഖല : വായന.

| | | | | |
|---|---|---|---|---|
| വായനശീലം വളർത്തുക. | കുട്ടികളുടെ പിറന്നാൾ ദിനത്തിൽ ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം നൽകുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം : 3
## മധുരം മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നത് വരെ. | SRG ക്ലാസ്ടീച്ചർ | PTA ഫണ്ട്. |

## പ്രവർത്തനം : 4.
## എഴുതാം തെളിയാം.

| | | | | |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | . |

## പ്രവർത്തനം : 5
## എന്റെ ഒരു ദിനം

| | | | | |
|---|---|---|---|---|
| എഴുത്ത്/സാഹിത്യ അഭിരുചി വളർത്തൽ | ദിവസവും ഡയറി എഴുതുന്നു. അതിലൂടെ സർഗാത്മക ശേഷി വളർത്തുന്നു. | അദ്ധ്യയന വർഷം ഉടനീളം | SRG. ക്ലാസ്ടീച്ചർ. | |

## പ്രവർത്തനം : 6
### ഓർക്കാം - അഭിമാനിക്കാം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ - ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അനുസ്മരിക്കൽ | ഓർമദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം. ക്വിസ് - ലഘുപ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമാണം പ്രദർശനം. | ആവശ്യാനുസരണം. | SRG കൺവീനർ CPTA. | |

## പ്രവർത്തനം : 7
### ഭാഷോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാപ്രസംഗം, കഥപറയൽ, കവിതാ പാരായണം, ഭാഷാപോസ്റ്ററുകൾ, എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം. | വർഷം മുഴുവൻ | വിദ്യാരംഗം കൺവീനർ | 4000 |

## പ്രവർത്തനം: 8
### അരങ്ങത്തേക്ക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസം വർധിപ്പിക്കുക. അഭിനയവിനിമയം/ അഭിനയ ശേഷി പരിപോഷിപ്പിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണം നടത്തുക. | വർഷം മുഴുവൻ | Class Teacher. | 2000 |

## പ്രവർത്തനം: 9
### ക്ലാസ് തല പതിപ്പുകൾ

| | | | | |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ക്ലാസിലെ വിവിധ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പതിപ്പുകൾ തയ്യാറാക്കി ക്ലാസ് പിടിഎയിൽ പ്രദർശിപ്പിക്കുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 3000/- |

## പ്രവർത്തനം: 10.
### മാഗസിൻ തയ്യാറാക്കൽ.

| | | | | |
|---|---|---|---|---|
| സർഗാത്മക ശേഷി വളർത്തൽ. | സ്വന്തമായ രചനകൾ ഉൾപ്പെടുത്തി ക്ലാസ്തല മാഗസിനുകൾ തയ്യാറാക്കുന്നു | വർഷത്തിൽ 3 തവണ | ക്ലാസ് ടീച്ചർ SRG. | 2500/- |

# ഇംഗ്ലീഷ്

| പ്രവർത്തനം: 1 ഇംഗ്ലീഷ് അസംബ്ലി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | ആഴ്ചയിൽ ഒരുദിവസം (വെള്ളിയാഴ്ച) ആ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം. | ഇംഗ്ലീഷ് ക്ലബ്ബ്, ക്ലാസ്ടീച്ചർ | |
| പ്രവർത്തനം: 2 ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കൽ. | വായനമത്സരം, രചനാമത്സരം, സ്കിറ്റ്, story telling, recitation തുടങ്ങിയവയുടെ അവതരണം. | വർഷത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് | 4000/- |
| പ്രവർത്തനം: 3 ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മക രചനാശേഷി വികസനം. | മൂന്നു മാസത്തിലൊരിക്കൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ. | മൂന്ന് മാസത്തിൽ ഒരിക്കൽ | HM Class Teacher SMC | SMC. |

പ്രവർത്തനം: 4
ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ദൈനംദിന പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 2 ദിവസം. | ക്ലാസ്ടീച്ചർ | |

പ്രവർത്തനം: 5
ഇംഗ്ലീഷ് തിയേറ്റർ

| | | | | |
|---|---|---|---|---|
| സർഗാത്മകതയെ പരിപോഷിപ്പിക്കൽ. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, drama, Conversation, Story telling etc. | മാസത്തിലൊരിക്കൽ. | ക്ലാസ് ടീച്ചർ | SMC |

പ്രവർത്തനം: 6
സ്പോക്കൺ ഇംഗ്ലീഷ്.

| | | | | |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാൻ അവസരമൊരുക്കൽ. | ക്ലാസ്സിലും ടീച്ചറോട്/ പ്രതിയോഗ്യരുമായി സംവദിക്കൽ. | ദിവസവും/ മൂന്നാം [illegible]ത്തിൽ | ക്ലാസ്ടീച്ചർ SMC | |

# ഗണിതം

**പ്രവർത്തനം: 1**
**കണക്കിലെ കുസൃതികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ഗണിതചിന്താശേഷി വളർത്തൽ | ഒരുദിനം ഒരു ചോദ്യം. (കുസൃതികണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടുത്തൽ) | ആഴ്ചയിൽ ഒന്ന് | SRG കൺവീനർ | SSA |

**പ്രവർത്തനം: 2**
**ഗണിതക്വിസ്**

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | കുട്ടികൾക്ക് ഓരോതരത്തിലും സ്വന്തമായി ഗണിതത്തിൽ രുചികരിക്കൽ. | ജൂൺ- | കൺവീനർ | |

**പ്രവർത്തനം: 3**
**ഗണിതമൂല.**

| | | | | |
|---|---|---|---|---|
| ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | മുഴുവൻ ക്ലാസ്സിലും ഗണിത മൂലകൾ ഉപകരണങ്ങൾ, (മഞ്ചാടി, കുന്നിക്കുരു, അബാക്കസ് etc) | ജൂൺ | കൺവീനർ | 2000 |

പ്രവർത്തനം : 4
പരിഹാരബോധനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാക്ഷ്യം |
|---|---|---|---|---|
| ഓരോ കുട്ടിയും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിച്ചു എന്ന് ഉറപ്പാക്കൽ. | ഓരോ കുട്ടിക്കും അവസാനിക്കുമ്പോൾ മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പാക്കുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5
ഗണിത മധുരം.

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകപഠന പദ്ധതി തയ്യാറാക്കൽ, ശില്പശാല സംഘടിപ്പിക്കൽ. | ജൂൺ - ആഗസ്റ്റ് | ക്ലാസ്ടീച്ചർ ഗണിതക്ലബ്ബ് | |

# പരിസരപഠനം

പ്രവർത്തനം: 1
വൃത്തിയാണ് ശക്തി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായങ്ങൾ |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സ്വഭാവവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ബോധവത്കരണ ക്ലാസ്സുകൾ, പോസ്റ്റർ രചന, അവതരണം. | ജൂൺ, ജൂലൈ | ക്ലാസ്ടീച്ചർ SRG. | |

പ്രവർത്തനം: 2
പ്രകൃതി നടത്തം.

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | പാഠവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | HM CPTA | PTA |

പ്രവർത്തനം: 3
ലഘുപരീക്ഷണങ്ങൾ.

| | | | | |
|---|---|---|---|---|
| ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA |

പ്രവർത്തനം : 4

വിഷരഹിത പച്ചക്കറി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവകൃഷി രീതി പരിചയപ്പെടുത്തുന്നതിന്: കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന്. | സ്കൂളിൽ ജൈവ പച്ചക്കറി കൃഷി ഒരുക്കുന്നു ജൈവ വളം, ജൈവ കീടനാശിനി എന്നിവയുടെ നിർമ്മാണം പരിചയപ്പെടുത്തുന്നു. | ജൂലൈ- മാർച്ച്. | ഹരിത ക്ലബ്ബ്. | PTA |
| വിവരസാങ്കേതിക വിദ്യ. അധ്യാപക ശാക്തീകരണം. | | | | |
| വിവരസാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും. | SITC. | |
| കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരം | IT പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ | ജൂൺ- | SITC. | |

# അറബിക്

പ്രവർത്തനം: 1

ഖിറാഅത്ത്:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റുകൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന 1, 2 ക്ലാസ്<br>ക്ലാസ്വായന 1, 2 "<br>ചിത്രവായന I to V<br>വീട്ടുവായന I to V<br>കഥാവായന III - V<br>വായനമത്സരങ്ങൾ IV, V<br>വാക്യങ്ങൾ ഉരുവിടൽ. | വർഷം മുഴുവൻ | അറബിക് അധ്യാപകർ | അറബിക് അധ്യാപകർ PTA |

പ്രവർത്തനം: 2

ഹിവാർ

| | | | | |
|---|---|---|---|---|
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാകുന്നതിന് | ഈ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>ക്ലാസ് സംഭാഷണം.<br>പാഠസംബന്ധ വർക്ക്ഷീറ്റുകൾ | വർഷം മുഴുവൻ | അറബിക് അധ്യാപകർ | |

പ്രവർത്തനം: 3
കിതാബത്ത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ<br>പദങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങൾ ഉറപ്പിക്കൽ<br>ഖത്ത് എഴുത്ത്<br>അക്ഷരക്കാർഡ് നിർമാണം<br>ചുമർ പത്രിക നിർമാണം<br>ചാർട്ടെഴുത്ത്. | വർഷം മുഴുവൻ | അറബിക് അധ്യാപകൻ. | 1000/- |

പ്രവർത്തനം: 4
അറബിക് അസംബ്ലി

| | | | | |
|---|---|---|---|---|
| അറബിക് ഭാഷയിലൂ ഒരു ആവിഷ്കാരങ്ങൾ അവതരിപ്പിക്കൽ. | മാസത്തിൽ ഒരുദിവസം അസംബ്ലിയിലെ മുഴുവൻ പ്രവർത്തനങ്ങളും അറബിക് ഭാഷയിൽ അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരിക്കൽ | അറബിക് അധ്യാപകൻ | |

## പഠനോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠന-നേട്ടങ്ങളുടെ പ്രദർശനം. | വർഷം മുഴുവൻ കുട്ടികൾ നേടിയ പഠനശേഷികളുടെ പ്രദർശനവും അവതരണവും. | മാർച്ച്. | HM SRG കൺവീനർ | 6000/- |

## എൽ. എസ്. എസ് പരിശീലനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ LSS സ്കോളർഷിപ്പിന് അർഹരാക്കുക. | ഒന്നാം ടേം പരീക്ഷയുടെ ഗ്രേഡ് അടിസ്ഥാനത്തിൽ പരിശീലനം നൽകുന്നു. | ഡിസംബർ | LSS കോ-ഓർഡിനേറ്റർ കൺവീനർ | PTA |

## നിങ്ങൾക്കറിയാമോ..?

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ജനറൽ നോളജ് വർദ്ധിപ്പിക്കാൻ. | ദിവസവും ഉച്ചയ്ക്ക് നോട്ടീസ് ബോർഡിലും ക്ലാസ്സിലും പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടുപിടിച്ച് പ്രത്യേക നോട്ട് പുസ്തകത്തിൽ എഴുതുന്നു. | ജൂലൈ മുതൽ. | | |